2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജൈവ വളങ്ങളുടെ ഗുണനിലവാരം

3 (*123) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ജൈവ കൃഷിയിലേക്ക് മാറുന്ന സാഹചര്യം മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ പേരുകളിൽ മായം ചേർത്ത ജൈവ വളം സംസ്ഥാനത്ത് വിറ്റഴിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവ വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ജൈവ കൃഷിക്ക് ആവശ്യമായ ജൈവ വളം, ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണിയിലും വെള്ളാണിക്കരയിലും കയർ ബോർഡ്, കൊച്ചി സ്പൈസസ് ബോർഡ്, കൊച്ചി&കോഴിക്കോട് റബ്ബർ ബോർഡ്, കോട്ടയം എന്നീ സ്ഥാപനങ്ങളിൽ ജൈവ ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ)-ൽ ഉൾപ്പെട്ടിട്ടുള്ള ജൈവ വളങ്ങളുടെ ഗുണനിലവാര പരിശോധന ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന നീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF)-ൽ അയച്ചും പരിശോധിച്ചുവരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ Bio Fertilizer and Organic Manure Quality Control Laboratory (BOQCL) എന്ന പേരിൽ ജൈവ വളങ്ങളുടെയും ജീവാണു വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ഓരോ കർഷകന്റെ കൃഷിയിടങ്ങളിൽ തന്നെ ആവശ്യമുള്ള ജൈവ വളം ഉത്പാദിപ്പിക്കുന്നതിന് റ്റൗൽ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണത്തിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം

4 (*124) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരായുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത തീരുമാനംമൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും കണക്ക് ലഭ്യമാണോ ;

(ഡി) വൈകി ആരംഭിച്ച പുനർനിർണ്ണയവും പുതിയ തദ്ദേശസ്ഥാപനങ്ങൾ രൂപീകരിക്കലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് തടസ്സമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് വിഭജനം സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ പഠന ശേഷമാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. 2010-ൽ ചെയ്തതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിപ്രായം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ബാധ്യതയുണ്ടാകും. കൃത്യമായ ബാധ്യത കണക്കാക്കി വരുന്നു.

(ഡി) തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly